# പൂന്തുറ സെന്റ് തോമസ് ദൈവലയം

## തിരുവനന്തപുരം ലത്തീൻ അതിരൂപത

<u>ഇടവക ചരിത്രം</u>

ആമുഖം

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിൽ നിന്നും 6 കിലോമീറ്റർ അകലെ കിഴക്കേകോട്ട കോവളം ദേശീയപാതയിൽ അമ്പലത്തറ ജംഗ്ഷനിൽ നിന്നും 1.5 കിലോമീറ്റർ മാറി സമുദ്രതീരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന മനോഹരമായ ഗ്രാമമാണ് പൂന്തുറ. പടിഞ്ഞാറ് അറബിക്കടൽ കിഴക്ക് പാർവ്വതി പുത്തനാർ തെക്ക് കരമന- കിള്ളിയാറുകളും വടക്ക് ബീമാപള്ളി എന്നീ സ്ഥലവുമായാണ് പൂന്തുറ ഗ്രാമം സ്ഥിതി ചെയ്ത് ഒരു ഐലൻഡ് പോലെ തന്റെ അതിര് പങ്കിടുന്നു. ക്രിസ്ത്യൻ ഹിന്ദു, മുസ്ലിം എന്നീ മതങ്ങളുടെ സംഗമഭൂമിയായ പൂന്തുറയെ ഈശ്വര വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്നത് പ്രഭാതത്തിലെ പള്ളികളുടെയും അമ്പലങ്ങളുടെയും മണിമുഴക്കമാണ്. **AD** ഒന്നാം നൂറ്റാണ്ടിൽ ലഭ്യമായ ക്രൈസ്തവ വിശ്വാസത്തിന്റെ കൈമാറ്റമാണ് ഇന്ന് കാണുന്ന പൂന്തുറ ജനതയുടെ പ്രത്യേകമായ വിശ്വാസ ജീവിതം. **AD** 486 ൽ ക്രൈസ്തവരിൽ ചിലർ തുറകളിൽ കുടിയേറിയതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്ന ഇക്കാരണത്താലാണ് തിരുവിതാംകൂർ സാമ്രാജ്യത്തിന്റെ ചില പ്രദേശങ്ങൾ തുറകളിൽ അറിയപ്പെടുന്നതും ഇവ ക്രൈസ്തവ വിശ്വാസം നേരത്തെ ഉണ്ടായിരുന്നതിന്റെ സൂചന നൽകുന്നതും. തമിഴിൽ

"തുറൈ" എന്ന് വിളിക്കുന്ന തുറ എന്ന വാക്കിന് തോണി അടിപ്പിക്കുന്ന സ്ഥലം എന്നോ കപ്പൽ അടുക്കുന്ന സ്ഥലമെന്നോ എന്ന് അർത്ഥം വരുന്ന **AD** 1544 ൽ ഈശോ സഭാ പുരോഹിതനായ വി. ഫ്രാൻസിസ് സേവ്യർ കേരളത്തിലെ കടലോര പ്രദേശങ്ങൾ സന്ദർശിക്കുകയും നിരവധി മുക്കുവരെ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുകയും ചെയ്തു.അങ്ങനെ ഈ പ്രദേശത്തും ചില കുടുംബങ്ങളെ പരിവർത്തനം ചെയ്യിച്ചതോടൊപ്പം നേരത്തെ ഉണ്ടായിരുന്നവരുടെ വിശ്വാസത്തെ കൂടുതൽ ശക്തമാക്കുകയും ചെയ്തു. സംഘകാലത്തെ സാഹിത്യ കൃതിയായ ആകനാനൂറിൽ പെരും തുറകളെ കുറിച്ചുള്ള വിവരങ്ങൾ കാണവാൻ സാധിക്കും ഇന്ന് തിരുവനന്തപുരം ഭാഗത്ത് പെരും തുറകളെ കാണാൻ കഴിയില്ല എങ്കിലും ആ പെരും തുറകളുടെ വലിപ്പവും സൗന്ദര്യവും ഉൾക്കൊണ്ടുകൊണ്ട് പൂന്തുറ പോലുള്ള പ്രദേശങ്ങൾ നിലനിൽക്കുന്നതിൽ അഭിമാനം തന്നെയാണ്.

പൂന്തുറയുടെ ചേരിയാമുട്ടത്തിന് തെക്ക് പടിഞ്ഞാറുള്ള പൊഴിക്കര ഭാഗം പണ്ട് പൂക്കളാൽ നിറഞ്ഞിരുന്ന പ്രദേശമായിരുന്നു . ഇവിടെ നിന്നും പൂക്കൾ ഇറുത്തെടുത്ത് തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിൽ പൂജകൾക്ക് ഉപയോഗിച്ചിരുന്നതിനാൽ മുൻകാലങ്ങളിൽ അനന്തപത്മനാഭൻ പൂന്തുറ എന്ന പേരിൽ അറിയപ്പെടുകയും പിന്നീട് ഈ വിളിപ്പേര് ചുരുക്ക നാമത്തിൽ പൂന്തുറ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഈ കാലഘട്ടങ്ങളിലൊക്കെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രവും അവിടുത്തെ അധികാരികളും പൂന്തുറ ഇടവകയോടും അധികാരികളോടും നല്ല ബന്ധം പുലർത്തിയിരുന്നു ഇരു കൂട്ടരും തിരുനാളുകൾക്കും, ഉത്സവങ്ങൾക്കും പരസ്പരം വിശിഷ്ടാതിഥികളായി

ക്ഷണിക്കപ്പെട്ടുകയും നടത്തിപ്പുകാരായി കഴിഞ്ഞിരുന്നതായും ചില രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. തെരുവ് വിളക്കുകൾ ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽ വിശുദ്ധ തോമായുടെ തിരുനാൾ പ്രദക്ഷിണത്തിന് ക്ഷേത്രത്തിൽ നിന്ന് ജോലിക്കാരെയും പെട്രോമാക്സ് ലൈറ്റും നൽകിയിരുന്നതായി പറയപ്പെടുന്നു.

പ്രാചീന കാലത്ത് പൂന്തുറ ഒരു പ്രധാന വാണിജ്യ കേന്ദ്രം കൂടിയായിരുന്നു വ്യാപാരികളുടെ വരവ് അനുസരിച്ച് കേരളത്തിൽ ധാരാളം തുറമുഖങ്ങൾ ആവിർഭവിക്കുകയും അതിലൊന്നായി പൂന്തുറ തുറമുഖം ഉത്ഭവിക്കുകയും ചെയ്തു. 1758ല് മാർത്താണ്ഡവർമ്മക്ക് ശേഷം രാജാവായ കാർത്തിക തിരുനാൾ രാമവർമ്മ എന്ന ധർമ്മ രാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയായിരുന്ന രാജ കേശവദാസിന്റെ നേതൃത്വത്തിൽ പൂന്തുറ തുറമുഖം പുതുക്കിപ്പണിതതായി ചരിത്ര രേഖകൾ പറയുന്നു.

പൂന്തുറ ചരിത്രത്തിൽ 1909 ൽ ജനങ്ങളുടെ ആത്മിക ജീവിതം കൂടുതൽ സൗകര്യപ്പെടുത്തുവാനും ദൈവിക കാര്യങ്ങളിൽ കൂടുതൽ സമയം ചെലവിടാനും വേണ്ടി അവസരം നൽകുംവിധം ചേരിയരിയാ മുട്ടം ഭാഗത്ത് സെന്റ് ആന്റണിയുടെ നാമത്തിൽ ഒരു കുരിശടി പണിയുകയുണ്ടായി ജപമാല ഭക്തി ശക്തിപ്പെടുത്തുവാൻ ആർ.എസ് ലോപ്പോസും കുടുംബവും ചേർന്ന് ദൈവാലയത്തിനടുത്ത് ഒരു ഗ്രോട്ടോ പണിയുകയും ലൂർദ് മാതാവിന്റെ നാമത്തിൽ **1942** ഫെബ്രുവരി മാസം പതിനൊന്നാം തീയതി ആശീർവാദവും നടത്തി. 2023 ൽ റവ. ഫർ എ. ആർ ജോൺ ഇടവക വികാരിയായി

സേവനം ചെയുന്ന സമയം ഗ്രോട്ടോ പുതുക്കി പണിയുകയും അതിനോട് ചേർന്ന് ഒരു നിത്യരാധന ചാപ്പൽ പണികഴിക്കുകയും അന്നത്തെ രൂപത മെത്രാനായ അഭിവന്ദ്യ സൂസപാക്യം പിതാവ് അശീർവദിക്കുകയും ചെയ്തു.

ഇടവകയുടെ വിദ്യാഭ്യാസത്തിന് അടിത്തറ പാകിയത് ഗോവകാരനായ ഫാ. നസ്യാൻസ് എന്നതിൽ രണ്ട് അഭിപ്രായമില്ല ഇദ്ദേഹമാണ് 1910 ൽ അന്നത്തെ സഹവി കാരിയുമായിരുന്ന ഫാ. ജോസഫ് പെരേരയോട് ചേർന്ന് ഒരു പ്രൈമറി സ്കൂൾ തുടങ്ങിയത്. 1923 ൽ സർക്കാർ തലത്തിൽ അംഗീകൃത എയ്ഡഡ് സ്കൂൾ ആയി ഉയർത്തപ്പെട്ടു അന്നത്തെ പ്രധാന അധ്യാപകനായിരുന്ന പരമേശ്വരൻപിള്ളയും മറ്റ് അധ്യാപകരും ചേർന്നാണ് കടൽത്തീരത്ത് നിന്ന് കുട്ടികളെ കണ്ടെത്തി വിദ്യാഭ്യാസ യോഗ്യത നൽകിയത്.

ജനങ്ങളുടെ വിശ്വാസ ജീവിതം കൂടുതൽ മെച്ചപ്പെടുത്താനായി അന്നത്തെ മാതൃ രൂപതയായ കൊച്ചിയിൽ നിന്നും അന്നത്തെ മെത്രാൻ അവിടെ പ്രവർത്തിച്ചിരുന്ന കനോഷ്യൻ സിസ്റ്റേഴ്സിനെ ഇവിടെ ഇടവക യിൽ സ്വാഗതം ചെയ്തു. പെൺകുട്ടികൾക്കായി തയ്യൽ പരിശീലനം മെഴുകുതിരി നിർമ്മാണം എന്നീ തൊഴിലുകൾ പരിശീലിപ്പിക്കുകയും ചെയ്ത കനോഷ്യൻ സിസ്റ്റേഴ്സ് ഒരു എൽപി സ്കൂൾ തുടങ്ങുകയും സെൽഫിലോമിനാസ് എന്ന പേരിൽ ഇന്ന് തിരുവനന്തപുരം പട്ടണത്തിൽ അറിയപ്പെടുന്ന വിദ്യാലയമായി വിളങ്ങി നിൽക്കുകയും ചെയുന്നു.

**1950** ൽ ഫാദർ സിൽവസ്റ്റർ ഫെർണാണ്ടസ് സ്കൂളിന്റെ നവീകരണം തുടങ്ങി ഈ കാലഘട്ടത്തിലാണ് ദൈവാലയത്തിന്റെ പകുതിഭാഗം കെട്ടിത്തീർക്കുകയും വിപുലീകരിച്ച ദേവാലയം പുനം പ്രതിഷ്ഠിക്കുകയും ചെയ്തത് 1960ൽ ഫാദർ ജോസഫ് തോട്ട കടവിന്റെ കാലത്താണ് **form system (division system** വരുന്നതിന് മുമ്പുള്ള **school system**) മാറ്റുവാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയതും പുതിയ ബിൽഡിംഗ് കെട്ടിയതും അങ്ങനെ 1962 കാലഘട്ടങ്ങളിൽ ഡിവിഷൻ സിസ്റ്റം വന്നപ്പോൾ മിഡിൽ സ്കൂൾ ആയി പരിവർത്തനം പ്രാപിച്ചു. പിൽക്കാലത്ത് സ്കൂൾ രൂപതയ്ക്ക് കൈമാറുകയും ചെയ്തു.

ഈ സമയത്താണ് അഞ്ചലിൽ ക്ലർക്ക് ആയി സേവനം ചെയുകയും 1945 ൽ തിരുവനന്തപുരം ഗ്രാമ പഞ്ചായത്ത് കോടതിയുടെ സീനിയർസ് ജഡ്ജ് ആയി സേവനം ചെയ്കയും ചെയ്ത ശ്രീ. N S ഫെർണാണ്ടെസ് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഒരു കുരിശടി ദേവാലയത്തിനടുത്ത് പൂർത്തീകരിക്കുകയും 21- 12 -1969 ബിഷപ്പ് പീറ്റർ ബർണാഡ് പെരേര ആശിർവദിക്കുകയും ചെയ്തത്.1975 ൽ ഫാദർ ബെഞ്ചമിൻ ഗോമസ് വൈദിക മന്ദിരം പുതുക്കി നിർമ്മികുകയും ആശിർവദിക്കുകയും ചെയ്തു.

പൂന്തുറയുടെ സ്വപ്നങ്ങളിലൊന്നായ U.P. School -നെ 1980ൽ High School- ആയി ഉയർത്തപ്പെട്ടതാണ് ഇവിടുത്തെ മറ്റൊരു പ്രധാന ചുവടുവയ്പ്പ് വലിയതുറയിലെയും സമീപ പ്രദേശങ്ങളിലെയും കുട്ടികളുടെ ഏക വിദ്യാഭ്യാസ ആശ്രയമായി ഇത്

മാറുകയായിരുന്നു. തിരുവല്ലത്തിനപ്പുറത്തുള്ള കുട്ടികൾ തിരുവല്ലം ആറ് നീന്തികടന്നാണ് തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത സ്വന്തമാക്കിയത്." കുട്ടികൾ അധികമാകുന്നതിനനുസരിച്ചും കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടും ഇന്നത്തെ Lp കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ബേബി ജോണും. ഇന്നത്തെ up കെട്ടിടത്തിന് 1986 ഏപ്രിൽ 14 തീയതി വികാരി ഫാ. സിൽവസ്റ്റർ മോറായിസും തറക്കലിടുകയായിരുന്നു. 1987 ഫെബ്രുവരി 7-ാം തിയതി അഭിവന്ദ്യ ജേക്കബ് പിതാവ് ആശീർവാദ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യം ച്ചകൊണ്ട് ഇടവകയുടെ സ്വപ്നം ഒരു പടികൂടി മുന്നോട്ട് നയിക്കുകയും ക്രിസ്തുവിന്റെ ജൂബിലി വർഷമാ വർഷമായ 2000- ത്തിൽ ഈ സ്കൂളിനെ മണ്ണിന്റെ പുത്രനും പൂർവ്വ വിദ്യാർത്ഥിയും ഇടവകയുടെ ആദ്യത്തെ MLA യുമായ ശ്രീ. ആന്റണി രാജുവിന്റെയും ഫാദർ ഇടവക സിൽവസ്റ്ററിന്റെയും പരിശ്രമ ഫലമായി ഈ സ്കൂളിനെ ഒരു ഹയർ സെക്കണ്ടറി ഉയർത്തുകയും ചെയ്തു. അങ്ങനെ ഉന്നത വിദ്യാഭ്യാസം അസാധ്യമായിരുന്ന ഈ ജനതയുടെ എല്ലാ സ്വപ്നങ്ങളും യഥാർഥ്യമാക്കാൻ ഇത് കാരണമായിരുന്നു. മേൽപറഞ്ഞ വൈദ്ധീകന്റെ കാലത്താണ് ഇടവകയിൽ കുത്തക പിരിക്കാൻ തുടങ്ങിയത്. ഫാ. സിൽവസ്റ്റർ മോറായിസിന്റെ കാലത്ത്തന്നെയാണ് കടലൊഴുക്കിൽ വന്ന ഒറ്റത്തടി ദൈവാലയത്തോളം തലയുയർത്തി നിൽക്കുന്ന കൊടിമരമായി മാറിയത് ഒലിവ്മരത്തിന്റെ താടിയെന്നാണ് പഴമക്കാർ ഓർക്കുന്നത്. ഒലിവ് തടി കൊടിമരമായി ഉയർത്തി നിർത്തുവാനുള്ള പല ശ്രമങ്ങളും വിഫലമായപ്പോഴ ഘട്ടത്തിൽ ദൈവാലയത്തിന്റെ തലവാതിൽ തുറന്നിട്ടുകൊണ്ട് തോമശ്ലീഹയെ നിലവിളിച്ച പ്രാർത്ഥിച്ചപ്പോഴാണ് ഉയർത്താൻ സാധിച്ച എന്നാണ് വിശ്വാസം. ഇവരുടെ

ആഴമേറിയ വിശ്വാസ വെളിച്ചത്തിന്റെ നല്ലൊരു ഉദാഹരണമാണ് അന്നത്തെ വികാരി രൂപീകരിച്ചതുൾപ്പെടെ 26 ഭക്തസംഘടനകളുടെ വിപുലീകരണം. ഇതിന്റെ വെളിച്ചത്തിലാണ് 1988- ൽ വേളാങ്കണ്ണിമാതാവിന്റെ ഒരു കുരിശ്ശടിയും പൂർത്തിയാക്കുവാൻ സാധിച്ചത്. 1990- ൽ ഫാ. ജോൺ ഡി ബോസ്കോയുടെ ജനകീയ പ്രവർത്തനത്തിന്റെ ഫലമായി ജൂൺ മാസം 1-ാം തിയതി ബി.സി.സി. വഴിയുള്ള ആദ്യത്തെ പാരിഷ് കൗൺസിൽ നിലവിൽ വന്നു. ഇക്കാലത്ത് പൂന്തുറയിലുണ്ടായിരുന്ന എസ്.ബി.റ്റി. ബാങ്ക് ബീമാപള്ളിയിലേയ്ക്കും പിന്നീട് ബൈപാസ് റോഡു ഭാഗത്ത് സ്ഥിരപ്പെടുത്തുകയും ചെയ്തു. ഇന്ന് പൂന്തുറയിൽ സ്ഥിതിചെയ്യുന്ന കോർപ്പറേഷൻ ഓഫീസ് കുറെ കാലം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുകയും, പിന്നീട് കോൺവെന്റ് ഭാഗത്തേക്ക് സ്വന്തം കെട്ടിടത്തിൽ മാറ്റി സ്ഥാപിക്കുയും ചെയ്തു. നൽകുകയും ചെയ്തു.

1993 കാലഘട്ടത്തിൽ ഒരു സമഗ്ര സർവ്വേ നടത്തുകയും ഇതിന്റെ വെളിച്ചത്തിൽ ഐ.ഡി.പി പ്രോജക്റ്റ് കൊണ്ടുവരികയും ചെയ്തു. ഐഡിപി കോളനിയിൽ റ്റി.എസ്. എസ്.എസ്- ന്റെയും മറ്റ് സന്നദ്ധ/സംഘടനകളുടെയും സഹായത്തോട് കൂടി 105- ൽ ചരം വീടുകൾ നിർമ്മിച്ച് നൽകുകയും ചെയ്തു. 1990 ൽ നവംബർ മാസം 15-ാം തിയതി ഒരു കല്യാണ മണ്ഡപത്തിനായി റവ. ഫാ ജെയിംസ് അമാടോ തറക്കലിടുകയും 1994 ഏപ്രിൽ മാസം 7 തീയതി അഭിവന്ദ്യ സൂസപ്പക്യം പിതാവ് മണ്ഡപം ആശിർവദിക്കുകയും ചെയ്തു. 1995 ൽ ഫാ. സേവ്യർ അലക്സാണ്ടറിന്റെ കാലത്ത് അമ്പലത്തറ വസ്തുവിൽ ചുറ്റ്മതിൽ നിർമ്മിക്കുകയുണ്ടായി. 2000 ൽ ഫാ

സൈറസിന്റെ കാലത്ത് MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് മൂന്നാറ്റ് മുക്ക് പാലം നിർമ്മിക്കുകയും അതിന്റെ തുടർച്ചയായി ദൈവാലയവും, സ്കൂളും ബന്ധിപ്പിച്ച് ഒരു റോഡും നിലവിൽ വന്നു. തുടർന്ന് ദൈവലയം നവീകരിക്കുകയും 2006 ൽ അഭിവന്ദ്യ സൂസപക്യം പിതാവ് അഷീർവദിക്കുകയും ചെയ്തു. 2010 ൽ ഫാ. ആന്റോ ജോറിസിന്റെ കാലത്ത് സ്കൂൾ കെട്ടിട പണികൾ കാര്യക്ഷമമായി അതോടൊപ്പം സെന്റ് ആന്റണിസ് കുരിശ്ടി പുനർനിർമാണം, വൈദ്ധീക മന്തിര നവീകരണം, എന്നിവ സാധ്യമായി. സെമിത്തേരി ഇന്ന് കാണുന്ന രീതിയിൽ നവീകരിക്കാൻ അന്നത്തെ വികാരി ഫാ. ജസ്റ്റിൻ ജൂഡിന് സാധിച്ചു.